II ഇ.ബി.XIV-കേരള നിയമസഭ/IV-6

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മാർച്ച് 7, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17 (*151) അംഗപരിമിത സൗഹൃദ സംസ്ഥാനം

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി 'അനുയാത്ര' എന്ന പേരിൽ ബൃഹത്തായ ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചതായി സഭയെ അറിയിച്ചു. മുൻകാലങ്ങളിൽ നടത്തിവന്ന പരിപാടികളോടൊപ്പം പുതിയ പദ്ധതികൾകൂടി ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും NISH,

NIPMR, IMHANS, CDC, KSHPWC തുടങ്ങിയ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതിയുടെ ഭൂരിഭാഗം പ്രവർത്തനങ്ങളും നടപ്പിൽവരുത്തുന്നതെന്നും അംഗപരിമിതർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുമെന്നും എല്ലാ ജില്ലകളെയും ബാരിയർ ഫ്രീ ഡിസ്ട്രിക്ടുകളായി പ്രഖ്യാപിച്ചുകൊണ്ട് അംഗപരിമിതർക്കുള്ള യാത്രാ സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ വിപുലമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. അംഗപരിമിതർക്കെല്ലാം യൂണിക് ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും സ്വാവലംബൻ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെടുത്തി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി 3.57 കോടി രൂപയും മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 5 കോടി രൂപയും ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിൽസ ലഭ്യമാക്കുന്നതിനായി ആരംഭിച്ച പ്രോജക്ട് ഓട്ടിസം പരിപാടിക്കായി 2.5 കോടി രൂപയും ചില പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തുകയും നീക്കിവച്ചിട്ടുണ്ട്. അംഗപരിമിതി പ്രതിരോധിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി 28 പുതിയ Early Detection Centre-കൾ ആരംഭിക്കുമെന്നും ഡിസേബിൾഡ് ആയ

കുട്ടികൾക്കുള്ള അംഗൻവാടി നിർമ്മാണം വ്യാപിപ്പിക്കുമെന്നും കാതോരം പദ്ധതിയെ ശ്രുതി തരംഗം പദ്ധതിയുമായി യോജിപ്പിച്ച് തുടർ നടപടികൾ നടത്തുമെന്നും അംഗപരിമിതരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി ശാക്തീകരിക്കുന്നതിനും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട നൂതന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനായി 2017 ആഗസ്റ്റ് മാസം ദേശീയ ശിൽപശാല സംഘടിപ്പിക്കുമെന്നും സാങ്കേതിക സംവിധാനങ്ങളോടുകൂടിയ തൊഴിൽ പരിശീലനത്തിനായി ഒരു വിദഗ്ദ്ധ കേന്ദ്രം ആരംഭിക്കുമെന്നും വിവര വിദ്യാഭ്യാസ വ്യാപന (ഐ.ഇ.സി) പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുമെന്നും ഓട്ടിസം ബാധിച്ച കുട്ടികളെ ഉൾപ്പെടുത്തി ഒരു ഇന്ദ്രജാല ടീം രൂപീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അംഗപരിമിതരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് തൊഴിലിടങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കാമെന്നും കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ വാറണ്ടി പിരീഡ്

അഞ്ചുവർഷം കൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നും ദേശീയ കായികമേളകളിൽ പങ്കെടുക്കുന്ന ബധിര-മൂക വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനെക്കുറിച്ച് സ്പോർട്സ് വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും കോളേജ് വിദ്യാർത്ഥികളടക്കമുള്ളവർക്ക് അംഗപരിമിതരെക്കുറിച്ചുള്ള അവയർനെസ്സ് നൽകുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുമെന്നും വയനാട്, കാസർഗോഡ് ജില്ലകളിലാണ് കൂടുതൽ അംഗപരിമിതരുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വികലാംഗർ എന്ന പദം മാറ്റി ഭിന്നശേഷിയുള്ളവർ എന്നാക്കുന്നതിനുള്ള നിർദ്ദേശം നൽകുമെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ഗതാഗത വകുപ്പുമന്ത്രി വ്യക്തമാക്കി.

18 (T*152) <u>ഹരിതകേരളം മിഷൻ പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, 2016 ഡിസംബർ 8-ന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഹരിതകേരളം മിഷൻ പദ്ധതിക്ക് തുടക്കം കുറിക്കുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായെന്നും സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷനും ചീഫ്

സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ ഏകോപന നിർവ്വഹണം നടത്തുന്നുണ്ടെന്നും ജില്ല, ബ്ലോക്ക്, നഗരസഭ, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ഏകീകൃത മിഷൻ സംവിധാനവും ഓരോ തലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ കർമ്മസേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്നും നാശോന്മുഖമായ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുമെന്നും നവീകരണം നടത്തിയ കുളങ്ങളുടെ വിവരം മണ്ഡലാടിസ്ഥാനത്തിൽ റിക്കാർഡായി സൂക്ഷിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെത്തട്ടിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുമെന്നും പദ്ധതി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ/അനുദ്യോഗസ്ഥ തലത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും

ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുമെന്നും ഉറവിട മാലിന്യസംസ്കരണം കൂടുതൽ ഫലപ്രദമാക്കുമെന്നും ബഹുജന പങ്കാളിത്തത്തോടെ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തതയില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

19 (*153) <u>പച്ചക്കറികളിലെ വിഷാംശം</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ, ജൈവപച്ചക്കറി മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനി സാന്നിധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ രാസപരിശോധന നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് ചെക്ക്പോസ്റ്റുകളിൽക്കൂടി വരുന്ന പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ ലാബുകളിൽ

പരിശോധിക്കുകയും പരിധിയിൽ കൂടുതൽ കീടനാശിനികളുടെ അളവ് കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള ലേബലുകൾ (മിസ്ബ്രാൻഡ്) ഉപയോഗിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ്സെടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ചെക്ക്പോസ്റ്റിൽ വച്ചുതന്നെ പരിശോധിക്കാനുള്ള സംവിധാനം മൊബൈൽ യൂണിറ്റുകൾ വഴി സജ്ജമാക്കുമെന്നും ഇതിനോടകം രണ്ട് മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചതായും മത്സ്യം കേടാകാതിരിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവിന്റെ സാന്നിധ്യം പരിശോധിക്കാൻ 'ഓപ്പറേഷൻ സാഗർറാണി' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടെന്നും മത്സ്യക്കച്ചവടക്കാരുടെ രജിസ്ട്രേഷൻ കർശനമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് നിയന്ത്രിത കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്നും കൃഷി ഓഫീസറുടെ പ്രിസ്ക്രിപ്ഷനോടുകൂടി കീടനാശിനികൾ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം

നൽകിയിട്ടുണ്ടെന്നും കീടനാശിനികളുടെ വിൽപ്പന സംബന്ധിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ മാസത്തിൽ രണ്ട് തവണ കൃഷി ഓഫീസർമാർ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി അറിയിച്ചു. കീടനാശിനിയിലെ വിഷാംശത്തിന്റെ തോത് പരിശോധിക്കുന്നതിന് കൃഷി-ആരോഗ്യ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുമെന്നും 'കേരള ഓർഗാനിക്' എന്ന ബ്രാൻഡിൽ 446 ക്ലസ്റ്ററുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി നേരിട്ട് കൃഷിക്കാരിൽ നിന്ന് സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള സംവിധാനം ആരംഭിക്കുമെന്നും ജൈവ പച്ചക്കറിയെന്ന വ്യാജേന പച്ചക്കറികൾ വിറ്റഴിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് ജി.എ.പി. സർട്ടിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തുമെന്നും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ രീതിയിലുള്ള ജൈവവളങ്ങളും ജൈവ കീടനാശിനികളും ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഇവ VFPCK, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിൽപ്പന നടത്തുമെന്നും മറ്റൊരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1807 മുതൽ 2205 വരെയുള്ള ചോദ്യങ്ങളിൽ 15 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)